# നബിദിനാഘോഷം
# സുന്നത്തിലുണ്ടെന്ന് ആര് പറഞ്ഞു?

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

“കുല്ലൂ തക്ബീർ അല്ലാഹു അക്ബർ
ഹമാരാ റസൂൽ മുഹമ്മദുൻ നബീ
ജാഥക്ക് സ്വീകരണം തന്നോരീലായിരം
നന്ദികൾ നേർന്നീടുന്നേ–ആയിരം
നന്ദീകൾ നേർന്നീടുന്നേ’’

റബീഉൽ അവ്വൽ മാസം സമാഗതമാകുന്നതോടെ നാടും നഗരവും വിറപ്പിച്ചുകൊണ്ട് കടന്നുപോകുന്ന ഘോഷയാത്രകളിൽ സാധാരണ കേൾക്കുന്ന മുദ്രാവാക്യങ്ങൾ. വഴിതടഞ്ഞും റോഡ് ബ്ലോക്കാക്കിയും ഒക്കെ വീറോടെ മുഷ്ടി ചുരുട്ടിയും ചവിട്ടിയമർത്തിയുമുള്ള ഇത്തരം ഘോഷയാത്രകൾ സംഘടിപ്പിക്കാൻ മുസ്ല്യാക്കൻമാർ കാണിക്കുന്ന ആവേശം ഒന്നുവേറെ തന്നെ. ഇതുകൊണ്ടൊക്കെ എന്തുകാര്യം എന്നാലോചിച്ച് വല്ലവനും മാറിനിൽക്കുമോ എന്നുകരുതി ഈ മൊല്ലമാരുടെ ഒരു പ്രസംഗവും ‘‘ബഹുമാന്യ മുഅ്മിനീങ്ങളേ, ഒരാൾ നിസ്കരിച്ചില്ലെങ്കിലും ശരി, നോമ്പ് നോറ്റില്ലെങ്കിലും ശരി, ഒരു ഇബാദത്തും ചെയ്തില്ലെങ്കിലും ശരി നബി(സ) തങ്ങളുടെ പേരിൽ മൗലിദ് കഴിച്ചാൽതന്നെ അയാൾക്ക് സ്വർഗ്ഗത്തിൽ കടക്കാമെന്നാണ് മുത്തുനബി പഠിപ്പിച്ചിട്ടുള്ളത്. മാത്രമല്ല, അസ്ഹാബുൽ കഹ്ഫിന്റെ നായ കണ്ടോ, ഒരു ഇബാദത്തും ചെയ്തിട്ടില്ലല്ലോ. എന്നാൽ മഹാന്മാരെ സ്നേഹിച്ചപ്പോൾ സ്വർഗ്ഗത്തിലായില്ലേ,......... വഅ്ലമൂ യാ ഉമ്മത്ത മുഹമ്മദ്........’’

അതുംകൂടെയാകുമ്പോൾ പിന്നെ ഒരാൾപോലും നബിദിനാഘോഷവുമായി സഹകരിക്കാതിരിക്കില്ല എന്ന് ഇവർക്കറിയാം. ഏറ്റവും ചുരുങ്ങിയത് ജാഥക്ക് തന്റെ വീട്ടുപടിക്കൽ ഒരു സ്വീകരണമെങ്കിലും കിട്ടുമെന്നുറപ്പ്. നിസ്വാർത്ഥരായ മുതലാളിമാരേയും പ്രമാണിമാരേയും വശീകരിച്ചുകൊണ്ട് ഉള്ളതെല്ലാം പോക്കറ്റടിച്ച് ഇവന്മാർ തടിച്ചുകൊഴുക്കുമ്പോഴും പാവം സാധാരണക്കാർ ഇവരിലെ മനോഭാവം തിരിച്ചറിയാതെ പോകുന്നു. സ്വീകരണം നൽകിയ ഹാജിമാർക്കുവേണ്ടി ഇവർ അടിച്ചുവിടുന്ന റെഡിമെയ്ഡ് ദുആകൾതന്നെ ഇത്തരക്കാരെ പിടിച്ചുനിർത്താൻ ധാരാളം. ഇമാം ഇബ്നുൽ വല്ലാഹ് പറഞ്ഞതെത്രശരി. ‘‘എല്ലാ ബിദ്അത്തുകൾക്കും ഒരു സൗന്ദര്യവും ആകർഷണതീയവുമുണ്ട്.’’ ഇതുതന്നെയാണ് നബിദിനാഘോഷത്തിലും സംഭവിക്കുന്നത്. ആ സൗന്ദര്യത്തിലും ആകർഷണീയതയിലും ജനം കുടുങ്ങുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണല്ലോ നിസ്കാരവും നോമ്പും ഇല്ലാത്തവർപോലും ഇത്തരം ആഘോഷങ്ങളിൽ താൽപര്യം കാണിക്കുന്നത്. എന്നുമാത്രമല്ല അത്തരക്കാരാണ് പലപ്പോഴും നബിദിനാഘോഷത്തിന്റെ സംഘാടനത്തിൽ മുന്നിൽ നിൽക്കുന്നത് എന്നതും ഒരു യാഥാർത്ഥ്യമാണല്ലോ.

ഏതൊരു കർമ്മവും ഇസ്‌ലാമികമായി പുണ്യകർമ്മമാകണമെങ്കിൽ അതിന് വിശുദ്ധഖുർആനോ പ്രവാചകനോ നിർദ്ദേശം നൽകേണ്ടതുണ്ട്. അതല്ലാത്ത ഒരു കർമ്മവും ഇസ്‌ലാമിൽ പുണ്യമാവുകയില്ല. അതാണല്ലോ സ്വഹാബി പ്രമുഖനായ ഹുദൈഫ(റ) പറഞ്ഞത്. ‘‘നബി(സ) യുടെ സ്വഹാ

ബത്ത് അനുഷ്ഠിച്ചില്ലാത്ത ആരാധനകളൊന്നും തന്നെ നിങ്ങൾ അനുഷ്ടിക്കരുത്. നിശ്ചയം ആദ്യക്കാർ പിൽക്കാലക്കാർക്ക് അഭിപ്രായം പറയാനായി ഒന്നും വിട്ടിട്ടില്ല.........'' *(അബൂദാവൂദ്)*

ഫുളൈലുബ്നു ഇയാള്(റ) പറയുന്നു: ''നീ ഒരു പുത്തൻ ആചാരക്കാരനെ വഴിയിൽ കണ്ടാൽ നീ മറ്റൊരു വഴി സ്വീകരിക്കുക.''

ചുരുക്കത്തിൽ റസൂലുല്ലാഹി(സ) പഠിപ്പിക്കാത്തതും സ്വഹാബത്ത് ആചരിക്കാത്തതുമായ യാതൊരു കർമ്മവും പ്രതിഫലാർഹമല്ലെന്ന് വ്യക്തം.

ഇത്തരം പുത്തനാചാരങ്ങളിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നതാണ് നബിദിനാഘോഷം. യഥാർത്ഥത്തിൽ നബി(സ)യോ സ്വഹാബത്തോ ഇത്തരം ഒരാഘോഷം സംഘടിപ്പിച്ചില്ലെന്ന് മാത്രമല്ല, ഉത്തമ തലമുറക്കാരിൽപെട്ട ഒരാൾക്കുപോലും ഇത് പരിചയമില്ല. മദ്ഹബിന്റെ ഇമാമുകളോ തൊട്ടടുത്ത നൂറ്റാണ്ടുകളിൽ ജീവിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് നേതൃത്വം വഹിച്ച മറ്റു പണ്ഡിതന്മാരോ ആരും ഇത് ആചരിച്ചിട്ടില്ല.

മുസ്‌ലിം ലോകത്ത് കഴിഞ്ഞുപോയ പണ്ഡിതന്മാരിൽ ഒരാൾ പോലും മൗലിദ് ആഘോഷം സുന്നത്തിലുണ്ടെന്ന് പറഞ്ഞിട്ടുമില്ല. അങ്ങിനെ പറഞ്ഞ ഏതെങ്കിലും ഒരു പണ്ഡിതന്റെ പേര് ഉദ്ധരിക്കാൻ കാക്കത്തൊള്ളായിരം വരുന്ന മുസ്ല്യാക്കൻമാരുടെ പ്രസിദ്ധീകരണങ്ങൾക്കോ മൊല്ലമാർക്കോ നാളിതുവരെ സാധിച്ചിട്ടില്ല. ഇനിയൊട്ട് സാധിക്കുകയുമില്ല.

മൗലിദാഘോഷത്തെ അംഗീകരിച്ചവരാണ് എന്ന് മുസ്ല്യാക്കൻമാർ വാദിക്കുന്ന സുയൂഥിയെപ്പോലുള്ളവർ പോലും അത് നല്ല ബിദ്അത്താണെന്നേ പറഞ്ഞിട്ടുള്ളൂ. അതും ഇന്നത്തെ ആഘോഷങ്ങളെപറ്റിയല്ലതാനും. ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മൗലിദിന്റെ പീറക്കിത്താബുകളിൽ പറയുന്ന ഹിമാലയൻ വെടികൾ വിളിച്ചുകൂവുകയും ദഫും സ്കൗട്ടും കൂക്കിവിളിയും ശബ്ദകോലാഹലങ്ങളും ബാന്റ് വാദ്യങ്ങളും ഒക്കെയടങ്ങുന്ന മൗലിദാഘോഷത്തെപറ്റി നല്ല ബിദ്അത്ത് എന്നുപോലും ലോകത്തുകഴിഞ്ഞുപോയ ഒരു പണ്ഡിതനും പറഞ്ഞിട്ടില്ല. നല്ല ബിദ്അത്താണ് എന്ന് പറഞ്ഞ സുയൂഥിയുടെ വാക്കുകൾ ശ്രദ്ധിക്കുക.

''എന്റെ അഭിപ്രായത്തിൽ മൗലിദിന്റെ അടിസ്ഥാനം ജനങ്ങൾ ഒരിമിച്ചുകൂടലും ക്വുർആനിൽ നിന്ന് സൗകര്യപ്രദമായത് പാരായണം ചെയ്യലും നബിയുടെ ആദ്യകാര്യങ്ങളെപറ്റിയും നബിയുടെ ജനന സമയത്തുണ്ടായ അൽഭുത സംഭവങ്ങളെക്കുറിച്ചുള്ള ഹദീസുകൾ റിപ്പോർട്ട് ചെയ്യലും പിന്നീട് ഭക്ഷണം വിളമ്പി അത് കഴിഞ്ഞ് പിരിഞ്ഞുപോകലുമാണ്. ഇതിനെക്കാൾ മറ്റൊന്നും വർദ്ധിപ്പിക്കുന്നില്ലെങ്കിൽ അത് പ്രതിഫലാർഹമായ നല്ല ബിദ്അത്താകുന്നു.'' *(ഹാവി 1/199)*

നല്ല ബിദ്അത്ത് എന്ന് പറഞ്ഞ സുയൂഥിപോലും പ്രത്യേകം പറഞ്ഞത് ക്വുർആനും ഹദീസും പാരായണം ചെയ്ത് ഭക്ഷണം കഴിച്ച് പിരിയുക എന്നതിനെക്കുറിച്ചാണ്. ''അതിനേക്കാൾ ഒന്നും വർദ്ധിപ്പിക്കുന്നില്ലങ്കിൽ'' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധേയമാണ്. ആ ഒരു വാചകത്തോടുകൂടി ഇന്നത്തെ മൗലീദുകളെ സുയൂഥിയും അംഗീകരിക്കുന്നില്ല എന്ന് വ്യക്തം. മാത്രമല്ല, അദ്ദേഹത്തിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത് റബീഉൽ അവ്വലിൽ സംഘടിപ്പിക്കുന്ന പ്രത്യേക ക്വുർആൻ –ഹദീസ് പാരായണങ്ങൾപോലും നല്ല ബിദ്അത്ത് എന്നാണല്ലോ.

ഇത്തരം ഒരു ആചാരംപോലും ആദ്യതലമുറയിൽ ഇല്ല എന്നും ഇർബൽ ഭരിച്ച മുളഫർ രാജാവാണ് ആദ്യമായി സംഘടിപ്പിച്ചത് എന്നും തുടർന്ന് അദ്ദേഹം വ്യക്തമാക്കുന്നു. മുളഫർ രാജാവാ

കട്ടെ ഹിജ്റ 6,7 നൂറ്റാണ്ടിൽ ജീവിച്ചയാളാണ്. ഹിജ്റ 630ൽ ആണ് അദ്ദേഹത്തിന്റെ മരണം. അന്ന ദ്ദേഹം സംഘടിപ്പിച്ച ആഘോഷത്തിന്റെ വിശദാംശങ്ങൾ സുയൂഥി തന്റെ അൽഹാവിയിലും ഇബ്നുകസീർ(റ) തന്റെ ബിദായയിലും ഒക്കെ വ്യക്തമാക്കിയിട്ടുണ്ട്. ഈ വസ്തുതകൾ മൗലീദ് അനുകൂലിയായ തഴവ മുഹമ്മദ്കുഞ്ഞി മുസ്‌ലിയാർ തന്നെ തന്റെ അൽമവാഹിബുൽ ജലിയ്യ യിൽ പറയുന്നത് നോക്കൂ.

മൗലിദ് കഴിക്കൽ മുമ്പ് പതിവില്ലാത്തതാ–
അത് ഹിജ്റ മുന്നൂറിന്ന് ശേഷം വന്നതാ.
എന്നും സഘാവി പറഞ്ഞതായ് കാണുന്നതാ–
അത് ഹലബി ഒന്നാം ഭാഗമിൽ നോക്കേണ്ടതാ.
മലിക്കുൽ മുളഫ്ഫർ ധീരനായൊരു രാജനാ–
ഇർബൽ ഭരിച്ചവരാണ് വൻ ധർമ്മിഷ്ഠനാം.
മൗലിദ് കഴിക്കാൻ ഏറ്റവും ഉൽസാഹമാ–
മാസം റബീഉൽ അവ്വലെന്താഘോഷമാ.
ശൈഖ്ബ്നു ദിഹ്‌യത് മൗലിദൊന്നു രചിക്കലായ്–
രാജാവിനത് കണ്ടേറ്റവും സന്തോഷമായ്
സമ്മാനമായ് പൊന്നായിരം നൽകുന്നതായ്–
എന്നുള്ള തിബ്നു കസീർ താൻ പറയുന്നതായ്.
മൗലിദ് കഴിക്കുന്നന്ന് ആടയ്യായ്യിരം–
പൊരിക്കുന്നതാണേ കോഴിയും പതിനായിരം.
കൂടാതെ ഒരുലക്ഷത്തിമുപ്പതിനായിരം–
പാത്രങ്ങളിൽ അലുവായുമുണ്ടോരോതരം.
ഉലമാക്കളനവധി ഹാജറുണ്ടതിലന്ന്–
അതുപോലെ സൂഫികൾ കൂടുമേ അതിൽവന്ന്.
പ്രത്യേകമായ് ഇവർക്കൊക്കെയും ബഹുമാനവും–
നൽകുന്നതാ രാജാവ് പല സമ്മാനവും.
മൗലിദ് ശരീഫോതുന്ന സമയം വന്ന്–
ഇരിക്കുന്നതാം സദസ്സിൽ മുളഫ്ഫറുമന്ന്.
ചുരുക്കിപ്പറഞ്ഞാൽ മൂന്നുലക്ഷം പൊന്നാ–
പ്രതിവർഷവും മൗലീദ് കഴിക്കാനെന്നാ.
ഇത് അൽ ബിദായത്തുവന്നിഹായയിൽ നോക്കണേ–
ഒരുനൂറ്റിമുപ്പത്തേഴ് പതിമൂന്നാകണേ.

മൗലിദനുകൂലിയായ തഴവ മുഹമ്മദ് കുഞ്ഞി മുസ്‌ലിയാർ പോലും മൗലിദ് ആദ്യകാലത്തില്ലെന്നും അത് ഹിജ്റ മുന്നൂറിന് ശേഷം വന്നതാണ് എന്നുമുള്ള യാഥാർത്ഥ്യം തുറന്നുപറയുന്നു എന്നർത്ഥം. മാളിയേക്കൽ–കുളത്തൂരാദി പോരോടുമാർ പറയുന്നപോലെ നബി(സ) യുടെ കാല ത്തുതന്നെ മൗലിദ് ഉണ്ടെന്നും ക്വുർആൻ മുഴുവനും മൗലീദാണെന്നുമൊക്കെയുള്ള നിരർത്ഥക വാദങ്ങൾ ഇവരാരും ഉന്നയിച്ചിട്ടില്ല എന്നുകൂടി നാം വായിക്കുക.

ചുരുക്കത്തിൽ ഈ ബിദ്അത്തിൽ നിന്ന് നാം വിട്ടുനിൽക്കുക. കാരണം, ബിദ്അത്ത് ഗൗരവമുള്ള താണ്. ഇമാം ഹസനുൽ ബസ്വരി(റ) പറയുന്നു: ‘‘ബിദ്അത്തുകാരൻ തന്റെ ബിദ്അത്ത് ഉപേക്ഷി ക്കുന്നതുവരെ അല്ലാഹു അവന്റെ നിസ്കാരം, നോമ്പ്, ഹജ്ജ്, ഉംറ എന്നിവ സ്വീകരിക്കുകയില്ല.’’

ഇബ്നു ഉമർ(റ) പറഞ്ഞു: എല്ലാ ബിദ്അത്തും വഴികേടിലാണ്. ജനങ്ങൾ അതിനെ നല്ലതായി കണ്ടാലും ശരി.

സുഫ്യാനുസ്സൗരി പറഞ്ഞു: ''തിന്മകളേക്കാൾ പിശാചിന് ഏറ്റവും ഇഷ്ടം ബിദ്അത്തിനോടാണ്. (കാരണം) തിന്മകളിൽ നിന്ന് പശ്ചാത്തപിച്ചേക്കും എന്നാൽ ബിദ്അത്തുകളിൽനിന്ന് പശ്ചാത്ത പിച്ച് മടങ്ങുകയില്ല.''

ഫുളൈലുബ്നു ഇയാള് പറഞ്ഞു: ''ആരെങ്കിലും തന്റെ മകളെ ഒരു ബിദ്അത്തുകാരന് വിവാഹം ചെയ്തുകൊടുത്താൽ തീർച്ചയായും അവൻ അവളോടുള്ള ബന്ധം മുറിച്ചവനാകുന്നു.''

ഇങ്ങനെയെത്രയെത്ര പണ്ഡിതോദ്ധരണികൾ. ചിന്തിക്കൂ സുഹൃത്തേ....